WEBSITE: www.keralapscgov.in EMAIL:kpsc@keralapsc.gov.in
Telephone No:0471-2447201.

# കേരള പബ്ലിക് സർവീസ് കമ്മീഷൻ

നമ്പർ : ആർ.എസ് (1) 10065/2017/ഗ.വി തിരുവനന്തപുരം,

തീയതി: 11.02.2019

## പരസ്യ ലേല വിജ്ഞാപനം

കേരള പബ്ലിക് സർവീസ് കമ്മീഷൻ ആഫീസിലെ മൂല്യനിർണ്ണയം കഴിഞ്ഞതും നശിപ്പിക്കുവാൻ പാകമായതുമായ ഒ.എം.ആർ ഉത്തരക്കടലാസുകൾ ഈ ആഫീസിന്റെ നാലാം നിലയുടെ മുകളിൽ സൂക്ഷിച്ചിട്ടുള്ളത്. 2018-19 സാമ്പത്തിക വർഷത്തേക്കുള്ള കരാറുകാരൻ (M/S ബിസ്മില്ല വേസ്റ്റ് പേപ്പർ സ്റ്റോർ, ടോൾ ജംഗ്ഷൻ, ആലുമൂട്, താഴത്തങ്ങാടി,കോട്ടയം-686005) നീക്കം ചെയ്യുവാൻ വിമുഖത കാണിച്ചതിനാൽ 09.07.2018-ലെ 327/ഡി1/2018/സ്റ്റേ.നമ്പർ പ്രകാരമുള്ള സ്റ്റേഷനറി വകുപ്പിന്റെ സർക്കുലർ നിർദ്ദേശങ്ങൾ അനുസരിച്ചും ഉന്നത വിദ്യഭ്യാസ വകുപ്പിന്റെ 01.02.2019 ലെ [സ.ഉ(സാധാ)നം. 165/2019/ഉ.വി.വ] സർക്കാർ ഉത്തരവിനു വിധേയമായും 06.03.2019-ന് ഉച്ചക്ക് ശേഷം 2 മണിക്ക് ഈ ആഫീസിൽ വച്ച് പരസ്യ ലേലം ചെയ്യുന്നതാണ്. പാഴ്ക്കടലാസ് ഗണത്തിൽ പെടുത്തിയിട്ടുള്ള OMR ഷീറ്റുകൾ, ഒരു കിലോഗ്രാമിന് ഏറ്റവും കൂടിയ നിരക്കിൽ (GST- 5% പുറമേ )വില നൽകുന്ന കരാറുകാരന് നിയമാനുസൃത ചട്ടങ്ങൾ അനുസരിച്ച് ചുവടെ ചേർത്തിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി ലേലം ഉറപ്പിച്ച് നൽ കുന്നതാണ് പാഴ്ക്കടലാസിന്റെ തൂക്കം 500 കിലോഗ്രാമിൽ കൂടുതലായതിനാൽ മൊത്തമായി വേയ്ബ്രിഡ്ജ് ഉപയോഗിച്ച് തൂക്കം എടുക്കേണ്ടതാണ്. ലേലം ഉറപ്പിച്ച കരാറുകാരൻ നിയമാനുസൃതമായ തൂക്ക വില ഒടുക്കി തൊട്ടടുത്ത പ്രവർത്തി ദിവസങ്ങളിൽ തന്നെ പാഴ്ക്കടലാസുകൾ നീക്കം ചെയ്യേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലം തുടങ്ങുന്നതിന് അര മണിക്കൂർ മുമ്പ് നിരതദ്രവ്യം ആയി 100 രൂപ കെട്ടിവച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തിയാലുടൻ മറ്റുള്ളവരുടെ നിരതദ്രവ്യം മടക്കി കൊടുക്കുന്നതും സ്ഥിരപ്പെടുത്തിയ കരാറുകാരന്റെ 100 രൂപ പാഴ്ക്കടലാസ് തൂക്കവിലയിൽ ക്രമപ്പെടുത്തുന്നതുമാണ്. ലേലം സ്ഥിരപ്പെടുത്തുവാനോ, മാറ്റി വയ്ക്കുവാനോ ഉള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്നതും സെക്രട്ടറിയുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

ഈ ഓഫീസിലെ ജീവനക്കാർ ടി ലേലത്തിൽ പങ്കെടുക്കുവാൻ പാടില്ല.

(ഒപ്പ്)

**സാജു ജോർജ്ജ്,**
**സെക്രട്ടറി**
**കേരള പബ്ലിക് സർവീസ് കമ്മീഷൻ**

പകർപ്പ്:

1) സ്റ്റേഷനറി കൺട്രോളർ, തിരുവനന്തപുരം
2) M/S ബിസ്മില്ല വേസ്റ്റ് പേപ്പർ സ്റ്റോർ (Registerd with A/D)
3) പി.ആർ യൂണിറ്റ്
4) എൻക്വയറി
5) സർജന്റ്
6) നോട്ടീസ് ബോർഡ്
7) സ്റ്റോക്ക് ഫയൽ
8) വെബ് സൈറ്റ്